"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ്-മൈനിംഗ് & ജിയോളജി-അധിക/അനധികൃത ഖനനത്തിന് കോട്ടയം ജില്ലാ ജിയോളജിസ്റ്റ് ഡിമാന്റ് ചെയ്ത ചെയ്ത തുക ഗഡുക്കളായി ഒടുക്കുന്നതിന് അനുമതി ആവശ്യപ്പെട്ട് ശ്രീ. അഗസ്റ്റിൻ മൈക്കിൾ, മാനേജിംഗ് ഡയറക്ടർ, മെ. മൈക്കിൾ ഗ്രാനൈറ്റ്സ്, രാമപുരം ബസാർ പി.ഒ. , കോട്ടയം സമർപ്പിച്ച അപേക്ഷയിൽ അനുമതി നൽകി ഉത്തരവാകുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.318/2026/ID തീയതി,തിരുവനന്തപുരം, 13-03-2026

---

പരാമർശം:-

1. കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ
2. 05.01.2026-ലെ കോട്ടയം ജില്ലാ ജിയോളജിസ്റ്റിന്റെ DOKOT-DMG/221/2023-M നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
3. 07.01.2026-ലെ ശ്രീ. അഗസ്റ്റിൻ മൈക്കിൾ, മാനേജിംഗ് ഡയറക്ടർ, മെ. മൈക്കിൾ ഗ്രാനൈറ്റ്സ്, മൈക്കിൾ പ്ലാസാ ബിൽഡിംഗ്, രാമപുരം ബസാർ പി.ഒ, കോട്ടയം സമർപ്പിച്ച അപേക്ഷ.
4. 24.02.2026-ലെ മൈനിംഗ് & ജിയോളജി ഡയറക്ടറുടെ DMG/576/2026-M2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ വെള്ളിലാപ്പള്ളി വില്ലേജിൽ ബ്ലോക്ക് നം . 24, റീ സർവ്വേ നം. 368/1-2, 368/1-3, 368/2, 369/1-1-ൽപ്പെട്ട 1.6845 ഹെക്ടർ സ്ഥലത്ത് നിന്നും കരിങ്കല്ല് ഖനനം ചെയ്യുന്നതിന് 25/10/2022 തീയ്യതിയിൽ മെ. മൈക്കിൾ ഗ്രാനൈറ്റ്സ്, മൈക്കിൾ പ്ലാസാ ബിൽഡിങ്, രാമപുരം ബസാർ (പി.ഒ.), കോട്ടയം എന്നവ്യക്തിക്ക് ക്വാറിയിംഗ് ലീസ് അനുവദിച്ചിരുന്നു. ടി ക്വാറിയിൽ 16/10/2025 തീയ്യതിയിൽ ജില്ല ആഫീസിൽ നിന്നും നടത്തിയ സ്ഥലപരിശോധനയിൽ ക്വാറിയിംഗ് ലീസ് വ്യവസ്ഥകൾക്ക് വിരുദ്ധമായി കരിങ്കല്ല് ഖനനം ചെയ്തിട്ടുള്ളതായി കാണപ്പെട്ടതിനാൽ ക്വാറിയിലെ ഖനന പ്രവർത്തനങ്ങൾക്ക് നിരോധന നോട്ടീസ് നൽകിയിരുന്നു. ടി ക്വാറിയിൽ ലീസ് ഏരിയയ്ക്ക് അകത്തു നിന്നും പുറത്തു നിന്നും ബഫർ സോണിൽ നിന്നും നാളിതുവരെ നടത്തിയിട്ടുള്ള ഖനനത്തിന്റെ അളവ് RQP മുഖേന അളന്ന് തിട്ടപ്പെടുത്തി 17/12/2025 തീയ്യതിയിൽ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ അധിക/അനധികൃതമായി ഖനനം ചെയ്ത 218259.5085 മെട്രിക് ടൺ കരിങ്കല്ലിന് റോയൽറ്റി, വില, കോമ്പൗണ്ടിംഗ് ഫീസ് ഇനത്തിൽ 5,28,82,283/-രൂപ ഒടുക്കുന്നതിലേക്ക് കോട്ടയം ജില്ലാ ജിയോളജിസ്റ്റ് പരാമർശം(2) കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. ടി തുക ഒറ്റ തവണയായി ഒടുക്കുന്നതിന് സാമ്പത്തിക ബുദ്ധിമുട്ടുകളുള്ളതുകാരണം ആറ് തുല്യ മാസ ഗഡുക്കളായി ഒടുക്കുന്നതിനുള്ള അനുമതി നൽകണമെന്ന് ശ്രീ. അഗസ്റ്റിൻ മൈക്കിൾ സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു. ടി വിഷയത്തിൽ 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ , ചട്ടം 115 പ്രകാരം ഡിമാന്റ് തുക 6 തവണകളായി ഒടുക്കുന്നതിന് അനുമതി നൽകുന്നത് പരിഗണിക്കാവുന്നതാണെന്ന് മൈനിംഗ് & ജിയോളജി ഡയറക്ടർ പരാമർശം(4) പ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മൈനിംഗ് & ജിയോളജി ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ. അഗസ്റ്റിൻ മൈക്കിൾ, മാനേജിംഗ് ഡയറക്ടർ, മെ. മൈക്കിൾ ഗ്രാനൈറ്റ്സ്, മൈക്കിൾ പ്ലാസാ ബിൽഡിംഗ്, രാമപുരം ബസാർ പി.ഒ, കോട്ടയം സമർപ്പിച്ച അപേക്ഷ പരിഗണിച്ച് കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ വെള്ളിലാപ്പള്ളി വില്ലേജിൽ ബ്ലോക്ക് നം. 24, റീ സർവ്വേ നം. 368/1-2, 368/1-3, 368/2, 369/1-1-ൽപ്പെട്ട 1.6845 ഹെക്ടർ സ്ഥലത്ത് ക്വാറിയിംഗ് ലീസ് ഏരിയയ്ക്ക് അകത്തു നിന്നും

പുറത്തു നിന്നും ബഫർ സോണിൽ നിന്നും അധിക/അനധികൃതമായി ഖനനം ചെയ്ത 218259.5085 മെട്രിക് ടൺ കരിങ്കല്ലിന് റോയൽറ്റി, വില, കോമ്പൗണ്ടിംഗ് ഫീസ് ഇനത്തിൽ കോട്ടയം ജില്ലാ ജിയോളജിസ്റ്റ് ഡിമാന്റ് ചെയ്ത ₹5,28,82,283/-(അഞ്ച് കോടി ഇരുപത്തിഎട്ട് ലക്ഷത്തി എൺപത്തി രണ്ടായിരത്തി ഇരുനൂറ്റി എൺപത്തി മൂന്ന് രൂപ മാത്രം) കെ.എം.എം.സി (ഭേദഗതി) ചട്ടങ്ങളിലെ, ചട്ടം 115 പ്രകാരം ആറ് തുല്യ മാസ ഗഡുക്കളായി ഒടുക്കുന്നതിന്, മാസഗഡു അടയ്ക്കുന്നതിൽ ഏതെങ്കിലും തരത്തിലുള്ള വീഴ്ച വരുത്തിയാൽ പിന്നീട് ഗഡുക്കളായി അടയ്ക്കുന്നതിന് അവസരം നഷ്ടപ്പെടുമെന്ന വ്യവസ്ഥയിൽ അപേക്ഷകന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബി അജിത
അഡീഷണൽ സെക്രട്ടറി

ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്, തിരുവനന്തപുരം
ജില്ലാ ജിയോളജിസ്റ്റ്, കോട്ടയം
ശ്രീ. അഗസ്റ്റിൻ മൈക്കിൾ, മാനേജിംഗ് ഡയറക്ടർ, മെ. മൈക്കിൾ ഗ്രാനൈറ്റ്സ്, രാമപുരം ബസാർ പി.ഒ., കോട്ടയം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക(വെബ് & ന്യൂമീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sachin V R
Date: 13-03-2026 13:04:38
സെക്ഷൻ ഓഫീസർ